(ബി) അനുബന്ധ ലിസ്റ്റിൽ താഴെപ്പറയുന്ന 6 വർക്കുകൾ ഒഴിച്ചുള്ള എല്ലാ വർക്കുകളും പൂർത്തിയായി:

1. മുഹമ്മ തണ്ണീർമുക്കം കായൽ ബാങ്ക് റോഡ് നിർമ്മാണം
2. മുട്ടത്തിപറമ്പ് പാലത്തിന്റെ പുനർനിർമ്മാണവും റോഡിന്റെ പുനരുദ്ധാരണവും
3. ആലപ്പുഴ അർത്തുങ്കൽ റോഡിന്റെ പുനർനിർമ്മാണം
4. കാട്ടൂർ-കലവൂർ റോഡിൽ കലവൂർ ജംഗ്ഷന്റെ പുനരുദ്ധാരണം
5. മുട്ടത്തിപറമ്പ് റോഡിൽ താറുമാറായ 4 കലുങ്കുകളുടെ പുനർനിർമ്മാണം
6. കണിച്ചുകുളങ്ങര റോഡ് എൻ. എച്ച്. ൽനിന്നും കണിച്ചുകുളങ്ങര ക്ഷേത്രം കവലവരെ റീതികൂട്ടൽ.

(സി) ഓരോ വർക്കിന്റെയും അടങ്കൽ തുക അനുബന്ധ ലിസ്റ്റിൽ അതാതിനു നേരെ രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ വർക്കിനും ചെലവഴിച്ച തുകയെ സംബന്ധിച്ച കണക്കുകൾ പ്രത്യേകം ശേഖരിച്ചു നൽകുന്നതാണ്.

വി. എച്ച്. എസ്. സ്കൂളുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന നടപടിക്രമം

96 [679] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി വി. എച്ച്. എസ്. സ്കൂളുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന സഹായം എത്ര;

(ബി) നിലവിലുള്ള വി. എച്ച്. എസ്. സ്കൂളുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇതിനായി സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ചേർപ്പ് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇതിനായി 18.25 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ സ്കൂളുകളും കോഴ്സുകളും അനുവദിക്കുന്നതിന് അന്തിമമായി തീരുമാനമെടുക്കുന്നമുറയ്ക്ക് അവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിശ്ചയിക്കുന്നതാണ്.

(ഡി) പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ തീരുമാനിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ അതിനനുസൃതമായി അപേക്ഷിച്ചാൽ മാനദണ്ഡങ്ങൾക്കു വിധേയമായി ചേർപ്പ് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനെയും പരിഗണിക്കുന്നതാണ്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിലെ സ്കൂളുകളും കോഴ്സുകളും

97 [680] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസമേഖലയിൽ 2001-2002 മുതൽ ഓരോ വർഷവും എത്ര സ്കൂളുകളും കോഴ്സുകളും സംസ്ഥാനത്ത് ആരംഭിച്ചുവെന്ന് അറിയിക്കാമോ; ഇവയ്ക്ക് കേന്ദ്രസർക്കാർ എപ്പോൾ അംഗീകാരം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) 100 പുതിയ സ്കൂളുകളും 200 പുതിയ കോഴ്സുകളും തുടങ്ങുവാൻ കേന്ദ്രസർക്കാർ സമീപകാലത്ത് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള അനുമതി എപ്പോൾ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) 2004-2005 മുതൽ നിലവിൽവന്ന പുതിയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏവ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസമേഖലയിൽ 2001-2002 മുതൽ പുതിയ സ്കൂളുകളോ കോഴ്സുകളോ ആരംഭിച്ചിട്ടില്ല.

(ബി) 31-3-2005-ന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(സി) 2004-2005 മുതൽ പുതിയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചിട്ടില്ല.

ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിൽ പ്രധാന കെട്ടിടത്തിന്റെ പ്രവർത്തനം

98 [681] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly